ഹദീസ്


**അബ്ദുർറഹ്മാൻ ചെറുവാടി**
archeruvadi11@yahoo.com


# അതിശ്രേഷ്ഠം ഈ പത്ത് ദിനങ്ങൾ

عن ابن عباس رضي الله عنهما عن النبي صلى الله عليه وآله وسلم أنه قال: ما العَمَلُ في أيَّامٍ أفْضَلَ منها في هذِه، قالوا: ولَا الجِهَادُ؟ قَالَ: ولَا الجِهَادُ، إلَّا رَجُلٌ خَرَجَ يُخَاطِرُ بنَفْسِهِ ومَالِهِ، فَلَمْ يَرْجِعْ بشيءٍ (أخرجه البخاري)

**ഇബ്നു അബ്ബാസി(റ)ൽനിന്ന്. നബി (സ) പറഞ്ഞു: 'ദിനേനയുള്ള ഏതൊരു പ്രവൃത്തിക്കും ഈ ദിവസങ്ങളിലെ കർമങ്ങളേക്കാൾ ശ്രേഷ്ഠതയില്ല.' അവർ ചോദിച്ചു: 'ജിഹാദിനുമില്ലേ?' അവിടുന്ന് പറഞ്ഞു: 'ജിഹാദിനുമില്ല; തന്റെ തടിയും ധനവും അപകടത്തിലാവും വിധം ജിഹാദിനുപോയി പിന്നീട് അതിലൊന്നുമായും തിരിച്ചുവന്നിട്ടില്ലാത്ത ആളുടേതു ഒഴികെ' (ബുഖാരി).**

ഹജ്ജ് കാലമാണ്. ഹാജിമാരുടെ യാത്രകളും യാത്രയയപ്പുകളും കൊണ്ട് സജീവമാകാറുള്ള കാലം. കൊറോണ മൂലം ഇത്തവണ പുറത്തു നിന്നുള്ള ഹാജിമാർ വരേണ്ടതില്ലെന്നാണ് തീരുമാനം. അകത്തുനിന്നെത്തുന്നവർക്കും നിയന്ത്രണങ്ങൾ കർശനമാണ്. മഹാമാരികൾ മുമ്പും ഹജ്ജിന് പ്രതിബന്ധമായിട്ടുണ്ട്. ഹിജ്റ 357-ൽ സീലിയാക് രോഗം പടർന്നുപിടിച്ച് നിരവധി ഹാജിമാർ മരണപ്പെട്ടത് ചരിത്രം. അതിദാഹം മൂലം അനവധി ഒട്ടകങ്ങളും അന്ന് ചത്തൊടുങ്ങി. ഹിജ്റ ഒമ്പത് മുതൽ ഇതുവരെയായി നാൽപതോളം തവണ പല രീതിയിൽ ഹജ്ജിന് മുടക്കം വന്നിട്ടുണ്ടെന്നാണ് കണക്ക്. ഇതിൽ മുപ്പതും മുടങ്ങിയത് ഭാഗികമായാണ്. ഹിജാസുകാരും അയൽ രാജ്യക്കാരായ കുറച്ചു പേരും മാത്രമായിരുന്നു അന്നത്തെ ഹാജിമാർ. എന്നാൽ കിരാതന്മാരായ ഖറാമിത്വുകളുടെ ഭീകര വാഴ്ചയിൽ ഹിജ്റ 317 മുതൽ 327 വരെ പത്തു വർഷങ്ങൾ ഹജ്ജ് പൂർണമായും തടസ്സപ്പെട്ടു.

ഹാജിമാർക്കും ഹജ്ജിനു പോകാതെ നാട്ടിൽ നിൽക്കുന്നവർക്കുമൊക്കെ സുപ്രധാനമാണ് ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ പത്തു ദിവസങ്ങൾ. അതിലെ കർമങ്ങൾ വിശിഷ്ടമാണ്. പ്രതിഫലം അനേകം മടങ്ങായി വർധിക്കുന്നു. പാപമോചനം തേടുന്നവന്നായി സ്വർഗകവാടങ്ങൾ തുറക്കുന്നു. 'ആ ദിനങ്ങളിൽ തഹ്ലീലുകളും തക്ബീറുകളും തഹ്മീദുകളും നിങ്ങൾ അധികരിപ്പിക്കുക' (അഹ്മദ്) എന്ന് നബി (സ) പഠിപ്പിക്കുന്നു. 'നിർണിത നാളുകളിൽ നിങ്ങൾ ദൈവസ്മരണയിൽ മുഴുകുക' (*അൽ ബഖറ*: 203) എന്ന് ഖുർആൻ.

ഇസ്‌ലാമിൽ കാലം, സ്ഥലം, വ്യക്തി എന്നിങ്ങനെ പലതിനും പ്രത്യേകതകളുണ്ട്. റമദാനും ലൈലത്തുൽ ഖദ്റും അറഫാ ദിനവും മസ്ജിദുൽ ഹറാമും മക്കയും മദീനയും പ്രവാചകന്മാരും ശുഹദാക്കളുമൊക്കെ ഉദാഹരണങ്ങൾ. പ്രവാചകൻ പറഞ്ഞു: 'വർഷത്തിലെ ചില ദിവസങ്ങളിൽ നിങ്ങളുടെ നാഥന്റെ സ്നേഹ പരിമളം പരന്നൊഴുകും. അതേൽക്കാനായി നിങ്ങൾ ഒരുങ്ങിയിരുന്നുകൊള്ളുക. ആ പരിമളമേറ്റാൽ പിന്നീടൊരിക്കലും നിങ്ങൾ ഭാഗ്യദോഷികളാവുകയില്ല' (ത്വബറാനി).

എല്ലാ പുണ്യകർമങ്ങളും വർധിപ്പിക്കേണ്ട സമയമാണ് വിശുദ്ധ മാസങ്ങൾ. ഈ ദിനങ്ങളാകട്ടെ അതിൽതന്നെ ഏറ്റം വിശുദ്ധവും. നമസ്കാരവും നോമ്പും ഖുർആൻ പാരായണപഠനങ്ങളും ദാനധർമങ്ങളും ജനസേവനങ്ങളും നന്മയും തിന്മയും വേർതിരിച്ചുകൊടുക്കലുമെല്ലാം മനസ്സറിഞ്ഞ് വർധിപ്പിക്കേണ്ട അമൂല്യ സന്ദർഭം.

ദുൽഹജ്ജ് ഒമ്പതിന്, അറഫാ ദിനത്തിൽ നോമ്പെടുക്കുന്നതിന് വലിയ പ്രാധാന്യമാണ് തിരുമേനി കൽപിച്ചിട്ടുള്ളത്. അല്ലാഹുവിലേക്ക് കൈകളുയരുകയും കണ്ഠങ്ങൾ ഗദ്ഗദം കൊള്ളുകയും കണ്ണുകൾ നിറഞ്ഞൊഴുകുകയും പിശാച് വെപ്രാളപെട്ട് അഭയം തേടിയലയുകയും ചെയ്യുന്ന ദുൻയാവിലെ ഏറ്റവും പവിത്രമായ ദിനമാണ് അറഫ. 'അറഫാ ദിവസത്തെ നോമ്പുവഴി പോയതും വരുന്നതുമായ വർഷങ്ങളിലെ പാപങ്ങളെ അല്ലാഹു മായ്ച്ചുകളയുമെന്നാണ് ഞാൻ കരുതുന്നത്' (മുസ്‌ലിം). നബി അറഫാ ദിനം സ്ഥിരമായി നോമ്പെടുത്തിരുന്നു. എന്നാൽ ഹാജിമാർക്ക് ഈ നോമ്പ് സുന്നത്തില്ല, അനഭിലഷണീയമാണെന്ന് പണ്ഡിതന്മാർ. അറഫയിൽ ദീർഘനേരം നിൽക്കുന്നതിന് വേണ്ട ശക്തിയും ഓജസ്സും ചോർന്നു പോകാതിരിക്കാനാണിത്. ദുൽഹജ്ജ് ഒന്നു മുതൽ ഒമ്പതു വരെ നോമ്പെടുക്കുന്നവരുണ്ട്. അങ്ങനെ തിരുമേനി ചെയ്തതിന് സ്ഥിരീകരണമില്ല. എന്നാൽ വിശുദ്ധ മാസത്തിൽ ഏത് പുണ്യകർമവും പോലെ നോമ്പും വലിയ പ്രതിഫലം പ്രതീക്ഷിക്കാവുന്നത് തന്നെയാണ്.

ദുൽഹജ്ജ് ഒന്നു മുതൽ തന്നെ തക്ബീറുകൾ വർധിപ്പിക്കുന്നതും ഇക്കാലത്തെ പുണ്യകർമങ്ങളിൽ പെടുന്നു. പ്രവാചകനും സ്വഹാബിമാരും പാലിച്ചുപോന്ന മഹത്തായ സുന്നത്താണത്. ഇന്നു പക്ഷേ ഏറക്കുറെ അത് വിസ്മൃതിയിലമർന്നിരിക്കുന്നു. വിസ്മൃതിയിലായ ഒരു പ്രവാചക സുന്നത്ത് ആരെങ്കിലും പുനരുജ്ജീവിപ്പിച്ചാൽ അതിന്റെ പ്രതിഫലം കൂടാതെ അത് ചെയ്യുന്നവരുടെയൊക്കെ പ്രതിഫലത്തിനു തുല്യമായ പ്രതിഫലവും കൂടി അയാൾക്ക് ലഭിക്കും. ഇബ്നു ഉമറും അബൂഹുറൈറയും ഈ ദിനങ്ങളിൽ അങ്ങാടിയിൽ ചെന്ന് തക്ബീർ മുഴക്കാറുണ്ടായിരുന്നു. അപ്പോൾ ജനങ്ങളും ഓരോരുത്തരായി അവരോടൊപ്പം തക്ബീർ മുഴക്കും.

ബലിയറുക്കലാണ് മറ്റൊരു പ്രധാന കർമം. ഖലീലുല്ലാഹി ഇബ്റാഹീമിന്റെയും ഖാതമുന്നബിയ്യീൻ മുഹമ്മദിന്റെയും സുന്നത്താണത്. പെരുന്നാൾ നമസ്കാരം കഴിഞ്ഞാണ് അറവ് നടത്തേണ്ടത്, മുമ്പായാൽ അത് ഉദ്ഹിയ്യത്ത് ആവുകയില്ല. 'അതിനാൽ നീ നിന്റെ നാഥന് നമസ്കരിക്കുക. അവന് ബലിയർപ്പിക്കുക' എന്ന സൂറത്ത്

*കൗസറി*ലെ ആഹ്വാനം ബലിയറുക്കാനാണെന്നാണ് ഇബ്നു അബ്ബാസ് അടക്കമുള്ള ഭൂരിപക്ഷം മുഫസ്സിറുകളുടെയും അഭിപ്രായം. മദീനയിൽ വെച്ച് പത്ത് വർഷവും തിരുമേനി ബലിയറുത്തിട്ടുണ്ട്. 'പെരുന്നാൾ ദിനത്തിലെ ഏറ്റവും ശ്രേഷ്ഠമായ കർമം ബലിരക്തമൊഴുക്കലാണ്. അന്ത്യനാളിൽ കൊമ്പുകളും രോമങ്ങളും കുളമ്പുകളുമായി ബലിമൃഗം ഹാജരാകും. ബലിമൃഗത്തിന്റെ രക്തം ഭൂമിയിൽ പതിക്കും മുമ്പ് അല്ലാഹുവിന്റെ അടുത്ത് പ്രത്യേക സ്ഥാനത്ത് എത്തിയിരിക്കും. അതിനാൽ മനഃസംതൃപ്തിയോടെ ബലി നൽകുക' (തിർമിദി, ഇബ്നുമാജ). ''....... അതിനാൽ നിങ്ങളവയെ അണിയായി നിർത്തി അല്ലാഹുവിന്റെ പേരുച്ചരിച്ച് ബലിയർപ്പിക്കുക. അങ്ങനെ പാർശ്വങ്ങളിലേക്ക് അവ വീണുകഴിഞ്ഞാൽ നിങ്ങളവയുടെ മാംസം ഭക്ഷിക്കുക. ഉള്ളതുകൊണ്ട് തൃപ്തരായി കഴിയുന്നവരെയും ചോദിച്ചുവരുന്നവരെയും തീറ്റിക്കുക ...'' (*അൽഹജ്ജ്*: 36).

ബലി സ്വതന്ത്രമായ ഒരാരാധനയാണ്. ദാന ധർമങ്ങൾ അതിന് പകരമാവുകയില്ല. അത് ഉരുക്കളുടെ നാഥനായ അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. അപ്പോഴും അതിന്റെ പ്രയോജനം മനുഷ്യർക്കു ലഭിക്കണം. അഗതികളും ദുരിതപർവം താണ്ടുന്ന ആലംബഹീനരും ചേർത്തുപിടിക്കപ്പെടണം. ബന്ധുക്കളും സുഹൃത്തുക്കളും ഒന്നുകൂടി ഇഴയടുപ്പമുള്ളവരാകാൻ അതൊരു നിമിത്തമാകണം. ബഹുദൈവാരാധനയുടെ സകല ലാഞ്ഛനകളും ആവിഷ്കാരങ്ങളും തകർക്കുന്ന സമർപ്പണ മനസ്സാണ് ബലിയുടെ കാതൽ. ''അവയുടെ മാംസമോ രക്തമോ അല്ലാഹുവെ പ്രാപിക്കുന്നില്ല. മറിച്ച് അല്ലാഹുവിലെത്തിച്ചേരുന്നത് നിങ്ങളുടെ ഭക്തിയാണ്. അവൻ നിങ്ങൾക്കവയെ അവ്വിധം അധീനപ്പെടുത്തിത്തന്നിരിക്കുന്നു. അല്ലാഹു നിങ്ങളെ നേർവഴിയിലാക്കിയതിന് നിങ്ങളവന്റെ മഹത്വം കീർത്തിക്കാൻ വേണ്ടിയാണത്. സച്ചരിതരെ നീ ശുഭവാർത്ത അറിയിക്കുക'' (*അൽഹജ്ജ്*: 37).

അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങാൻ വിശ്വാസിയെ പ്രചോദിപ്പിക്കുന്ന നാളുകൾ. പാപങ്ങൾ ഓർത്തെടുക്കുന്നു, വ്യസനിക്കുന്നു. ഇനിയും സംഭവിച്ചുകൂടെന്ന് മനസ്സിലുറക്കുന്നു. നന്മയുടെ ശുദ്ധജലം കൊണ്ട് തിന്മയുടെ പാടുകൾ കഴുകിക്കളയുന്നു. തിരിച്ചറിവോടെ കരുണാവാരിധിയുടെ ദാസനായി സ്വയം വളരുന്നു. ''പശ്ചാത്തപിക്കുകയും സ്വന്തത്തെ സംസ്കരിക്കുകയും അല്ലാഹുവെ മുറുകെപ്പിടിക്കുകയും സ്വന്തത്തെ അല്ലാഹുവിന് മാത്രമായി സമർപ്പിക്കുകയും ചെയ്തവരൊഴികെ. അവർ സത്യവിശ്വാസികളോടൊപ്പമാണ്. തീർച്ചയായും അല്ലാഹു സത്യവിശ്വാസികൾക്ക് അതിമഹത്തായ പ്രതിഫലം നൽകും'' (*അന്നിസാഅ്*: 146).

ഹജ്ജും ഉംറയും ചെയ്യാൻ തടസ്സം നേരിട്ടവർക്കും സൗകര്യങ്ങൾ ഒത്തുകിട്ടാത്തവർക്കും അനുഗ്രഹദാതാവായ അല്ലാഹു നൽകുന്ന സുവർണാവസരമാണ് തിരുമൊഴികൾ ഓതിത്തരുന്ന ഈ ശ്രേഷ്ഠ ദിനങ്ങൾ. ●

+91 97474 56118

Vol. No: 77 Issue No. 09 Printed (at Roshini Press, Madhyamam Complex, Calicut-673012, Kerala) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 0495 - 2730744, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid